# മത്തായിയുടെ സുവിശേഷത്തിന്റെ

## ജീവ-പഠനം

### ദൂത് ഇരുപത്തെട്ട്

## രാജാവിന്റെ ശുശ്രൂഷയുടെ തുടർച്ച

### (4)

ഈ ദൂത് 9:9-17-നെ സംബന്ധിച്ച കഴിഞ്ഞ ദൂതിന്റെ തുടർച്ചയാണ്.

### C. പഴയ വസ്ത്രത്തിന്മേൽ ചുരുങ്ങാത്ത തുണിക്കഷ്ണം വയ്ക്കാതിരിക്കുന്നു

9:16-ൽ കുറച്ചുകൂടി മൃദുലവും, മാധുര്യവും, ദൃഢബന്ധവുമായ ഒന്നിനോടുകൂടെ കർത്താവ് തുടരുന്നു. അവൻ പറയുന്നു, "ആരും ചുരുങ്ങാത്ത തുണിക്കഷ്ണം പഴയ വസ്ത്രത്തിൽ തുന്നിച്ചേർക്കാറില്ല, തുന്നിച്ചേർത്ത ഭാഗം വസ്ത്രത്തിൽനിന്നു വലിയുകയും, ചീന്തൽ കൂടുതൽ വഷളാകുകയും ചെയ്യുന്നു." "ചുരുങ്ങാത്ത" എന്ന് വിവർത്തനം ചെയ്തിരിക്കുന്ന യവനപദം *അഗ്നാഫോസ്* ആണ്: അത് *അല്ല* എന്നർഥമുള്ള *അ*-യും, *കമ്പിളിനൂൽ ചീകിമിനുക്കുക* എന്നർഥമുള്ള *ഗ്നാറ്റോ*-യും ചേർന്നുള്ള ഒരു പദമാണ്; തന്മൂലം, വസ്ത്രം ധരിക്കുക അഥവാ തുണി പൂർത്തിയാക്കുക. അങ്ങനെ, ഈ പദം അർഥമാക്കുന്നത് ചീകിമിനുക്കാത്തത്, ചുരുങ്ങാത്തത്, പൂർത്തിയാക്കാത്തത്, ചുളുക്കം വരാത്തത്, സംസ്കരിക്കപ്പെടാത്തത് എന്നൊക്കെയാണ്. ഒരു പുതിയ തുണിക്കഷ്ണം, തന്റെ ജഡാവതാരം മുതൽ തന്റെ ക്രൂശുമരണം വരെയുള്ള സംസ്കരിക്കപ്പെടാത്ത, പൂർത്തിയാക്കാത്ത ഒരു കഷ്ണം പുതിയ തുണിയായ ക്രിസ്തുവിനെ സൂചിപ്പിക്കുന്നു; എന്നാൽ ലൂക്കൊസ് 5:36-ലെ പുതിയ വസ്ത്രം, തന്റെ ക്രൂശുമരണത്തിൽ സംസ്കരിക്കപ്പെട്ടതിനു ശേഷമുള്ള ഒരു പുതിയ അങ്കിയായി ക്രിസ്തുവിനെ സൂചിപ്പിക്കുന്നു. (ലൂക്കൊസ് 5:36-ലെ "പുതിയ" എന്നതിനുള്ള യവനപദമായ *കെയ്നോസ്* മത്തായി 9:17-ലെ "പുതുമ" എന്നതിനുള്ള അതേ യവന പദമാണ്.) ക്രിസ്തു ആദ്യം ഒരു പുതിയ വസ്ത്രം ഉണ്ടാക്കുവാൻ വേണ്ടിയുള്ള ചുരുങ്ങാത്ത തുണിയായിരുന്നു: പിന്നീട് നമ്മെ ദൈവം നീതീകരിക്കുവാനും, അവന് നാം

സ്വീകാര്യരായിരിക്കുവാനും (ലൂക്കൊ. 15:22; ഗലാ. 3:27; 1 കൊരി. 1:30;ഫിലി. 3:9), ദൈവമുമ്പാകെയുള്ള നമ്മുടെ നീതിയായി നമ്മെ ആവരണം ചെയ്യുവാനും, അവൻ തന്റെ മരണപുനരുത്ഥാനങ്ങളിലൂടെ ഒരു പുതിയ വസ്ത്രമാക്കപ്പെട്ടു. പഴയ വസ്ത്രത്തിൽ ചേർത്തു തുന്നിയ ചുരുങ്ങാത്ത തുണിക്കഷ്ണം അതിന്റെ ചുരുങ്ങിപ്പോകുന്ന ബലത്താൽ വസ്ത്രത്തിൽനിന്നും വലിഞ്ഞ്, ചീന്തൽ കൂടുതൽ മോശമാക്കുന്നു. ഇങ്ങനെ ചെയ്യുന്നത് ക്രിസ്തു ഭൂമിയിൽവച്ച് തന്റെ മനുഷ്യജീവിതത്തിൽ ചെയ്തതിനെ അനുകരിക്കുന്നു എന്ന് അർഥമാക്കുന്നു. ഇതാണ് ഇന്നത്തെ ആധുനികവാദികൾ ചെയ്യാൻ ശ്രമിക്കുന്നത്. അവർ തങ്ങളുടെ പെരുമാറ്റം മെച്ചപ്പെടുത്തുന്നതിന് യേശുവിന്റെ മാനുഷിക പ്രവൃത്തികളെ അനുകരിക്കുക മാത്രം ചെയ്യുന്നു; അവർ തങ്ങളുടെ വീണ്ടെടുപ്പുകാരനെന്ന നിലയിൽ ക്രൂശിക്കപ്പെട്ട യേശുവിലോ, ദൈവമുമ്പാകെ തങ്ങളുടെ നീതിയായി അവരെ ആവരണം ചെയ്യാനുള്ള അവരുടെ പുതിയ വസ്ത്രമെന്ന നിലയിൽ പുനരുത്ഥാനം ചെയ്ത ക്രിസ്തുവിലോ വിശ്വസിക്കുന്നില്ല.

വാക്യം 16-ലെ പഴയ വസ്ത്രം സൂചിപ്പിക്കുന്നത് തന്റെ പഴയ സ്വാഭാവിക ജീവനാലുള്ള മനുഷ്യന്റെ നല്ല പെരുമാറ്റത്തെയും, സൽപ്രവൃത്തികളെയും, മതപരമായ അനുഷ്ഠാനങ്ങളെയുമാണ്. കർത്താവായ യേശു വളരെ ജ്ഞാനമുള്ളവനായിരുന്നു. വാക്യം 16-ൽ അവൻ ഇങ്ങനെ പറഞ്ഞില്ല, "നിങ്ങളുടെ വസ്ത്രങ്ങൾ കീറിയതും തുളകൾകൊണ്ടു നിറഞ്ഞതുമാണെന്ന് യോഹന്നാന്റെ ശിഷ്യന്മാരായ നിങ്ങൾ മനസ്സിലാക്കണം. ഉപവസിക്കുന്നതിലൂടെ നിങ്ങൾ വാസ്തവത്തിൽ ചുരുങ്ങാത്ത ഒരു കഷ്ണം തുണി മുറിക്കുകയും നിങ്ങളുടെ വസ്ത്രത്തിലുള്ള തുളകൾ അടയ്ക്കുവാൻ ഉപയോഗിക്കുകയും ചെയ്യുന്നു." ഇങ്ങനെ നേരിട്ടു പറയുന്നതിനുപകരം, അവർക്ക് തികവുള്ള ഒരു വസ്ത്രം ഉണ്ടായിരുന്നില്ല എന്ന് യോഹന്നാന്റെ ശിഷ്യന്മാരോട് കർത്താവായ യേശു സൂചിപ്പിച്ചു. അവരുടെ വസ്ത്രങ്ങളിൽ തുളകൾ ഉണ്ടായിരുന്നുവെന്നും ഉപവസിക്കുന്നതിലൂടെ തുളകൾ അടയ്ക്കുവാൻ അവർ ശ്രമിക്കുകയായിരുന്നുവെന്നും അവൻ സൂചിപ്പിച്ചു. വാക്യം 16-ൽ കർത്താവായ യേശു സംസാരിച്ച ഇങ്ങനെയുള്ള ഒരു വാക്ക് ഒരു മനുഷ്യനും ഉച്ചരിക്കുവാൻ കഴിയുകയില്ല. അവന്റെ ജ്ഞാനമുള്ള വാക്ക് അർഥവും, ശാസനയും, വെളിപാടും, നിർദ്ദേശവുംകൊണ്ട് നിറഞ്ഞതാണ്. യോഹന്നാന്റെ ശിഷ്യന്മാരോട് കർത്താവ് ഇങ്ങനെ പറയുകയായിരുന്നു, "ഉപവസിക്കുന്നതിനെക്കുറിച്ച് നിങ്ങൾ എന്തിന് എന്നോടു ചോദിക്കുന്നു? നിങ്ങളുടെ ഉപവാസം നിങ്ങളുടെ കീറിയ വസ്ത്രത്തിൽ തുന്നിച്ചേർക്കുന്ന ഒരു മാർഗമാണ്. നിങ്ങളുടെ വസ്ത്രങ്ങളിൽ തുളകളുണ്ടെന്നും അത് നന്നാക്കേണ്ട

ആവശ്യമുണ്ടെന്നും നിങ്ങൾ മനസ്സിലാക്കുന്നുവെന്ന് നിങ്ങളുടെ ഉപവാസത്താൽ നിങ്ങൾ കാണിക്കുന്നു. നിങ്ങളുടെ ഗുരുവായ യോഹന്നാൻ നിങ്ങളെയെല്ലാം എനിക്കു പരിചയപ്പെടുത്തിത്തന്നു. ഇപ്പോൾ നിങ്ങൾ നിങ്ങളുടെ തുളകൾ തുന്നിച്ചേർക്കുവാൻ എന്നെ ഉപയോഗിക്കുന്നു. ഇത് അർഥമാക്കുന്നത് നിങ്ങളുടെ വസ്ത്രങ്ങളിലെ തുളകൾ നന്നാക്കുവാൻ നിങ്ങൾ എന്റെ ചുരുങ്ങാത്ത തുണിയിൽനിന്നും ഒരു കഷ്ണം മുറിച്ചെടുക്കുന്നു എന്നാണ്. എന്നാൽ എന്റെ തുണി ചുരുങ്ങുന്ന ശക്തികൊണ്ട് നിറഞ്ഞതാണ്. അതിലെ ഒരു ഭാഗവും നിങ്ങളുടെ പഴയ കീറിയ വസ്ത്രങ്ങളിൽ വയ്ക്കാതിരിക്കുക. നിങ്ങൾ വയ്ക്കുന്നുവെങ്കിൽ, തുള വലുതായിത്തീരും."

ലൂക്കൊസ് 5:36-ലെ വിവരണം മത്തായി 9:16-ലേതിൽനിന്നും ഏറെക്കുറെ വ്യത്യസ്തമാണ്. ലൂക്കൊസ് 5:36 പറയുന്നു, "ആരും പുതിയ വസ്ത്രത്തിൽനിന്ന് ഒരു കഷ്ണം കീറി പഴയ വസ്ത്രത്തിന്മേൽ അതിനെ വയ്ക്കാറില്ല." "തുണി" എന്ന് മത്തായിയും "വസ്ത്രം" എന്ന് ലൂക്കൊസും പറയുന്നു എന്നത് ശ്രദ്ധിക്കുക. കർത്താവായ യേശു അവനെത്തന്നെ ചുരുങ്ങാത്ത ഒരു കഷ്ണം തുണിയോട് സാദൃശ്യപ്പെടുത്തി. ഇത് അവന്റെ ജഡാവതാരത്തിനും ക്രൂശുമരണത്തിനും ഇടയിൽ അവൻ എന്തായിരുന്നുവെന്ന് ചൂണ്ടിക്കാണിക്കുന്നു. ഈ കാലഘട്ടത്തിൽ അവൻ ചുരുങ്ങാത്ത തുണി, ഒരിക്കലും ചീകിമിനുക്കാത്തതോ സംസ്കരിക്കപ്പെടാത്തതോ ആയ പുതിയ തുണി ആയിരുന്നു. തന്റെ മരണ പുനരുത്ഥാനങ്ങളിലൂടെ ഈ പുതിയ തുണി സംസ്കരിക്കപ്പെടുകയും ഒരു പുതിയ വസ്ത്രമാക്കപ്പെടുകയും ചെയ്തിരുന്നു. കർത്താവിന്റെ ഉദ്ദേശ്യം അവനെത്തന്നെ ചുരുങ്ങാത്ത ഒരു കഷ്ണം തുണിയായി നമുക്ക് തരിക എന്നതായിരുന്നില്ല, മറിച്ച് നാം ദൈവമുമ്പാകെ നീതീകരിക്കപ്പെടേണ്ടതിന് നമ്മുടെ നീതിയായി ധരിക്കത്തക്കവണ്ണം പൂർണ്ണമായ, പൂർത്തിയാക്കിയ ഒരു വസ്ത്രമായി നമുക്ക് നൽകുക എന്നതായിരുന്നു. അവന്റെ മരണ പുനരുത്ഥാനങ്ങൾക്കുശേഷം അവൻ, തന്റെ വിവാഹത്തിൽ നാം സംബന്ധിക്കത്തക്കവണ്ണം നാം ധരിക്കാനുള്ള പൂർത്തിയാക്കിയ വസ്ത്രമാക്കപ്പെട്ടു. അങ്ങനെ, അവൻ മണവാളൻ മാത്രമല്ല, അവന്റെ വിവാഹവിരുന്നിൽ സംബന്ധിക്കുവാൻ നമ്മെ യോഗ്യരാക്കുന്ന നമ്മുടെ വിവാഹവസ്ത്രവും ആണ്.

അവൻ മണവാളനാണെന്നു പറഞ്ഞതിനുശേഷം എന്തുകൊണ്ടാണ് കർത്താവായ യേശു പുതിയ തുണിയെ, അഥവാ പുതിയ വസ്ത്രത്തെക്കുറിച്ച് സംസാരിക്കുവാൻ തുനിഞ്ഞത്? അവൻ എന്താണ് അർഥമാക്കിയതെന്ന് വിവേചിക്കുവാൻ നാം ആഴത്തിൽ നോക്കണം. മണവാളൻ നമ്മോടുകൂടെ ഉണ്ടെന്ന് കർത്താവ് നമ്മോടു പറയുന്നു. എന്നാൽ നിങ്ങളെത്തന്നെ

നോക്കുക—നിങ്ങൾ അവന്റെ സാന്നിധ്യം അർഹിക്കുന്നുവോ? ദൈവത്തിന്റെ ദൃഷ്ടിയിൽ നിങ്ങളുടെ യഥാർഥ അവസ്ഥ മണവാളന്റെ സാന്നിധ്യത്തിന് യോഗ്യമാണെന്ന് നിങ്ങൾ ചിന്തിക്കുന്നുണ്ടോ? "ഇല്ല" എന്ന് നാം എല്ലാവരും ഉത്തരം പറയണം. നമുക്കുള്ളതും, നാം ആയിരിക്കുന്നതുമൊന്നും കർത്താവിന്റെ സാന്നിധ്യം അർഹിക്കുന്നില്ല. കർത്താവിന്റെ സാന്നിധ്യം ആസ്വദിക്കുന്നതിന് നമുക്ക് ചില യോഗ്യതകൾ ഉണ്ടായിരിക്കണം; നാം ഒരു പ്രത്യേക അവസ്ഥയിൽ, ഒരു പ്രത്യേക സാഹചര്യത്തിൽ ആയിരിക്കേണ്ടത് ആവശ്യമാണ്. ജനനത്താൽ നാം എന്തായിരിക്കുന്നുവോ, സ്വാഭാവികമായി നാം എന്താകുന്നുവോ, നമുക്കെന്തു ചെയ്യുവാൻ കഴിയുമോ, നമുക്കെന്തുണ്ടോ, ഇവയൊന്നും മണവാളന്റെ സാന്നിധ്യത്തിലായിരിക്കുവാൻ നമ്മെ യോഗ്യരാക്കുന്നില്ല. മണവാളൻ ക്രിസ്തു ആണ്, ക്രിസ്തു ദൈവം തന്നെയാണ്. ദൈവം ഇന്ന് നിങ്ങൾക്ക് പ്രത്യക്ഷനായി എന്നു ചിന്തിക്കുക. നിങ്ങൾക്ക് അവിടെ ഇരിക്കുവാൻ കഴിയുമോ? അവൻ വിശുദ്ധനായ ദൈവവും, നീതിമാനായ ദൈവവുമാണ്; ഇങ്ങനെയുള്ള ഒരുവനാണ് മണവാളൻ. ലൂക്കൊസ് 15-ലെ ധൂർത്തുപുത്രന്റെ സംഭവം ഓർക്കുക. ധൂർത്തുപുത്രൻ വീട്ടിൽ വന്നു. അപ്പൻ അവനെ ആഴമായി സ്നേഹിച്ചിരുന്നു എന്നതിന് സംശയമില്ല; എന്നാൽ മകന്റെ അവസ്ഥ അപ്പന്റെ സാന്നിധ്യത്തിന് ഒട്ടും യോജിച്ചതായിരുന്നില്ല. അതുകൊണ്ട്, മേൽത്തരമായ വസ്ത്രം എടുത്ത് അവനെ ധരിപ്പിക്കുവാനും, അങ്ങനെ അവനെ തന്റെ സാന്നിധ്യത്തിന് അനുയോജ്യനാക്കുവാനും അപ്പൻ ഉടനെ തന്റെ ദാസനോടു പറഞ്ഞു. നമ്മുടെ മണവാളൻ ദൈവം തന്നെയാണ്. സ്വർഗീയ രാജാവിന്റെ സാന്നിധ്യത്തെ പരിതാപാർഹരായ പാപികളായ നമുക്ക് എങ്ങനെ ആസ്വദിക്കുവാൻ കഴിയും? മത്തായി 9-ലെ ഈ വാക്യങ്ങളുടെ സന്ദർഭം നാം ഓർക്കണം. കർത്താവായ യേശു ചുങ്കക്കാരോടും പാപികളോട്ടുംകൂടെ ഭക്ഷിക്കുകയായിരുന്നു. നാം "ചുങ്കക്കാരും" പാപികളും ആണ്. നാം യോഗ്യരല്ല; കർത്താവിന്റെ സന്നിധിയിൽ ഇരിക്കുവാൻ ചിലത് നമ്മെ ആവരണം ചെയ്യേണ്ടതാവശ്യമാണ്. ഇതുകൊണ്ടാണ്, മണവാളനായി തന്നെക്കുറിച്ചുതന്നെ കർത്താവു പറഞ്ഞശേഷം, നാം ഒരു പുതിയ വസ്ത്രം ധരിക്കേണ്ട ആവശ്യമുണ്ടെന്ന് അവൻ നമ്മോടു പറഞ്ഞത്. നാം പുതിയ വസ്ത്രം ധരിക്കുമ്പോൾ, അവന്റെ സാന്നിധ്യത്തിന് നാം യോഗ്യരാണ്. ധൂർത്തുപുത്രനെ മേൽത്തരമായ അങ്കി ധരിപ്പിച്ചപ്പോൾ, അവന്റെ ബഹുമാന്യനായ അപ്പന്റെ സന്നിധിയിൽ നിൽക്കുവാൻ ഉടനെ അവനു കഴിഞ്ഞു. മേൽത്തരമായ വസ്ത്രം അപ്പന്റെ സാന്നിധ്യം ആസ്വദിക്കുവാൻ അവനെ യോഗ്യനാക്കി. പാപികളും "ചുങ്കക്കാരും" എന്ന നിലയിൽ മണവാളന്റെ സാന്നിധ്യത്തിന് നാം യോഗ്യരായിരിക്കേണ്ടതിന് ഒരു പുതിയ വസ്ത്രം നമ്മെ ധരിപ്പിക്കേത് ആവശ്യമാണ്.

പഠിപ്പിക്കലുകളും ഉപദേശങ്ങളും മാത്രം അവതരിപ്പിക്കുവാൻ ഞാൻ ഇഷ്ടപ്പെടുന്നില്ല—അഭ്യസനത്തിന്, അനുഭവത്തിന് ഞാൻ മുൻഗണന നൽകുന്നു. നിങ്ങളെ ഞാൻ പരിശോധിക്കട്ടെ: തന്റെ പുനരുത്ഥാനത്തിനുശേഷം ക്രിസ്തു പുതിയ വസ്ത്രമായി ത്തീർന്നതിനാൽ, നാം അവനെ ധരിക്കുന്നത് എങ്ങനെയാണ്? ഗലാത്യർ 3:27 പറയുന്നു, "ക്രിസ്തുവിലേക്ക് സ്നാനപ്പെട്ടവരായ നിങ്ങളൊക്കെയും ക്രിസ്തുവിനെ ധരിച്ചിരിക്കുന്നുവല്ലോ." നാം ക്രിസ്തുവിനെ ധരിക്കണം; അവനെ ധരിക്കുവാനുള്ള മാർഗം അവനിലേക്ക് സ്നാനപ്പെടുന്നതാണ്. ക്രിസ്തുവിലേക്ക് നമുക്കെങ്ങനെ സ്നാനപ്പെടാമെന്ന് ഇപ്പോൾ നാം കാണണം. തന്റെ പുനരുത്ഥാ നത്തിനുശേഷം ക്രിസ്തു ഒരു പുതിയ വസ്ത്രമായിത്തീർന്നുവെന്ന് നാം കണ്ടു, എന്നാൽ തന്റെ പുനരുത്ഥാനത്തിനുശേഷം അവൻ ജീവൻ-നൽകുന്ന ആത്മാവക്കപ്പെട്ടുവെന്നും വേദപുസ്തകം നമ്മോടു പറയുന്നു (1 കൊരി. 15:45). ക്രിസ്തു ആത്മാവല്ലായിരു ന്നുവെങ്കിൽ, നമുക്കെങ്ങനെ അവനിലേക്ക് സ്നാനപ്പെടുവാൻ കഴിയുമായിരുന്നു? ക്രൂശിക്കപ്പെടുകയും, അടക്കപ്പെടുകയും, ഉയിർപ്പിക്കപ്പെടുകയും ചെയ്യതിലൂടെ ക്രിസ്തു ജീവൻ-നൽകുന്ന *ന്യൂമ*, ജീവൻ-നൽകുന്ന ശ്വാസം, ജീവനുള്ള വായു, ആക്കപ്പെട്ടു. ശ്വാസമെന്ന നിലയിൽ അവന് നമ്മിലേക്ക് കടക്കുവാൻ വളരെ എളുപ്പവും, വായു എന്ന നിലയിൽ നമുക്ക് അവനിലേക്ക് കടക്കുവാൻ വളരെ എളുപ്പവും ആണ്. പുനരുത്ഥാനത്തിൽ ക്രിസ്തു ആത്മാവാക്കപ്പെട്ടു. ഈ ജീവൻ-നൽകുന്ന ആത്മാവ് സർവവും-ഉൾക്കൊള്ളുന്നവനാണ്. ഈ ആത്മാവിലാണ് ക്രിസ്തു ആയിരിക്കുന്ന സകലവും അവൻ നിർവഹിച്ച സകലവും ഉള്ളത്. ഈ സർവവും-ഉൾക്കൊള്ളുന്ന ആത്മാവ് സർവവും-ഉൾക്കൊ ള്ളുന്ന ക്രിസ്തു തന്നെയും, ആത്മാവായ ഈ ക്രിസ്തു നമുക്കു ധരിക്കാനുള്ള പുതിയ വസ്ത്രവും ആണ്. അതിനാൽ, വസ്ത്രംപോലും ആത്മാവാണ്. ആത്മാവായ ക്രിസ്തുവിലേക്ക് നാം സ്നാനപ്പെട്ടു— അങ്ങനെയാണ് നാം ക്രിസ്തുവിനെ ധരിച്ചത്. ക്രിസ്തു *ന്യൂമ*, സർവവും-ഉൾക്കൊള്ളുന്ന ആത്മാവ് ആണ്. നാം അവനിലേക്ക് സ്നാനപ്പെടുമ്പോൾ നാം അവനെ ധരിക്കുന്നു. ഉടനെ ആത്മാവെന്ന നിലയിൽ അവൻ നമ്മുടെ വസ്ത്രം, നമ്മുടെ ആവരണം ആയിത്തീരുകയും നാം യോഗ്യതയുള്ളവരാകുകയും ചെയ്യു. അതുകൊണ്ട്, നാം ധരിക്കേണ്ട പുതിയ വസ്ത്രം സർവവും-ഉൾക്കൊ ള്ളുന്ന ആത്മാവെന്ന നിലയിൽ ക്രിസ്തു തന്നെയാണ്.

"ആകയാൽ നിങ്ങൾ പുറപ്പെട്ട് പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിലേക്ക് സ്നാനപ്പെടുത്തിക്കൊണ്ട്... സകല ജാതികളെയും ശിഷ്യരാക്കുവിൻ" എന്നു പറഞ്ഞിരിക്കുന്ന മത്തായി 28:19-20-ലെ കർത്താവിന്റെ വചനത്തിന്റെ അർഥം ഇതാണ്. നാമത്തിന്റെ യാഥാർഥ്യം ആത്മാവിലാണ്. നാമത്തിലേക്ക് ജനത്തെ

സ്നാനപ്പെടുത്തുകയെന്നാൽ ആത്മാവിലേക്ക് സ്നാനപ്പെടുത്തുക എന്നാണ് അർഥമാക്കുന്നത്; അത്, സർവവും-ഉൾക്കൊള്ളുന്ന *ന്യൂമ* ആയ ക്രിസ്തു ആണ്. ക്രിസ്തു ജഡാവതാരമെടുക്കുകയും, ഭൂമിയിൽ ജീവിക്കുകയും, ക്രൂശിക്കപ്പെടുകയും, വീണ്ടെടുപ്പു നിർവഹിക്കുകയും, ഉയർപ്പിക്കപ്പെടുകയും ചെയ്തു. സകലവും നിവർത്തിച്ചശേഷം തന്റെ പുനരുത്ഥാനത്തിൽ അവൻ സർവവും-ഉൾക്കൊള്ളുന്ന *ന്യൂമ* ആയിത്തീർന്നു. ഈ *ന്യൂമ*യിൽ ജഡാവതാരം ഉൾപ്പെടുന്നു: ഈ *ന്യൂമ*യിൽ ക്രൂശുമരണവും വീണ്ടെടുപ്പും ഉൾപ്പെടുന്നു: ഈ *ന്യൂമ*യിൽ പുനരുത്ഥാനവും, അവന്റെ പുനരുത്ഥാനത്തിന്റെ ശക്തിയും, പുനരുത്ഥാനജീവനുമെല്ലാം ഉൾപ്പെടുന്നു. നാം അവനിലേക്ക് സ്നാനപ്പെട്ടപ്പോൾ, നാം ഈ *ന്യൂമ*യിലേക്ക് സ്നാനപ്പെട്ടു. നാം അവനിലേക്ക് സ്നാനപ്പെട്ടപ്പോൾ, നാം അവനെ ധരിച്ചു. നാം ക്രിസ്തുവിനെ പുതിയ വസ്ത്രമായി ധരിക്കണം; ഈ പുതിയ വസ്ത്രം സർവവും-ഉൾക്കൊള്ളുന്ന ആത്മാവാണ്. ക്രിസ്തു ഇനിമേൽ സംസ്കരിക്കപ്പെടാത്ത തുണിയല്ല; അവൻ ഇപ്പോൾ പൂർത്തിയാക്കപ്പെട്ട വസ്ത്രമാണ്. ഈ പൂർത്തിയാക്കപ്പെട്ട വസ്ത്രത്തിൽ നമുക്ക് വീണ്ടെടുപ്പും, പുനരുത്ഥാനശക്തിയും, ദിവ്യവ്യക്തിയുടെ സകല മൂലകങ്ങളും ഉണ്ട്. ഈ പുതിയ വസ്ത്രം കേവലം ഒരു കഷ്ണം തുണിയല്ല, മറിച്ച് ക്രിസ്തുവിന്റെ ജഡാവതാരവും, അവന്റെ ക്രൂശുമരണവും, അവന്റെ വീണ്ടെടുപ്പുവേലയും, അവന്റെ പുനരുത്ഥാനവും, അവന്റെ പുനരുത്ഥാനശക്തിയും ഉൾപ്പെടുന്ന ദിവ്യ *ന്യൂമ*, സർവവും-ഉൾക്കൊള്ളുന്ന ആത്മാവ്, ആണ്. അവൻ ഇപ്പോൾ നമുക്ക് ധരിക്കാനുള്ള പൂർത്തിയാക്കപ്പെട്ട വസ്ത്രമാണ്. ഹല്ലേലൂയ്യാ, നമുക്ക് ഇങ്ങനെയുള്ള ഒരു ക്രിസ്തുവിനെ ധരിക്കുവാൻ കഴിയും!

## D. പുതിയ വീഞ്ഞ് പഴയ തുരുത്തികളിലേക്ക് പകരുന്നില്ല

വാക്യം 17 പറയുന്നു, "പുതിയ വീഞ്ഞ് പഴയ തുരുത്തികളിലും വയ്ക്കാറില്ല; അല്ലെങ്കിൽ തുരുത്തികൾ പൊളിഞ്ഞ് വീഞ്ഞ് ഒഴുകിപ്പോകുകയും, തുരുത്തികൾ നശിച്ചുപോകുകയും ചെയ്യുന്നു: പുതിയ വീഞ്ഞ് പുതുമയുള്ള തുരുത്തികളിലത്രേ വയ്ക്കുന്നത്, അങ്ങനെ രണ്ടും ഭദ്രമായിരിക്കുന്നു." ഈ വാക്യത്തിൽ "പുതിയ" എന്ന് വിവർത്തനം ചെയ്തിരിക്കുന്ന യവനപദം *നിയോസ്* ആണ്; അതിന്റെ അർഥം കാലസംബന്ധമായി പുതിയത്, അടുത്ത കാലത്തുള്ളത്, ചെറുപ്പമായത് എന്നെല്ലാമാണ്. ഇവിടെ പുതിയ വീഞ്ഞ്, പുതിയ ജീവനായ, ഓജസ്സു നിറഞ്ഞ, ജനത്തെ ആവേശത്തിലേക്ക് ഉത്തേജിപ്പിക്കുന്ന ക്രിസ്തുവിനെ സൂചിപ്പിക്കുന്നു. പുതിയ വീഞ്ഞ് ക്രിസ്തുവിന്റെ ഉന്മേഷകരമായ ജീവനാണ്. ഉന്മേഷമാക്കുവാൻ ബലമുള്ള വീഞ്ഞിനോട് ദിവ്യജീവനെ സാദൃശ്യപ്പെടുത്തിയിരിക്കുന്നു. നാം അവന്റെ ജീവൻ സ്വീകരിക്കുമ്പോൾ, ദിവസം മുഴുവനും നമ്മെ ഓജസ്സുള്ളവരാക്കുവാനും

നമ്മെ ആവേശമുള്ളവരാക്കുവാനും നമ്മുടെ ഉള്ളിൽ അത് പ്രവർത്തിക്കുന്നു. ഈ പുതിയ വീഞ്ഞ് നമ്മെ ബലപ്പെടുത്തുകയും, നമ്മെ ഉത്തേജിപ്പിക്കുകയും, നമ്മെ വളരെ സന്തോഷമുള്ളവരാക്കുകയും ചെയ്യുന്നു. രാജകീയ രക്ഷകൻ തങ്ങളുടെ ആസ്വാദനത്തിനുവേണ്ടിയുള്ള രാജ്യജനത്തിന്റെ മണവാളൻ മാത്രമല്ല, പിന്നെയോ വിവാഹത്തിന് സംബന്ധിക്കുന്നതിന് അവരെ സജ്ജമാക്കുകയും യോഗ്യരാക്കുകയും ചെയ്യാനുള്ള അവരുടെ പുതിയ വസ്ത്രവുമാണ്. കൂടാതെ അവൻ, അവരുടെ മണവാളനായി അവനെ ആസ്വദിക്കേണ്ടതിന് അവരെ അകമെ ആവേശമുണർത്തുന്നതിനുള്ള അവരുടെ പുതിയ ജീവനും ആണ്. അവരുടെ സ്വർഗീയ രാജാവെന്ന നിലയിൽ അവൻ രാജ്യജനത്തിന്റെ ആസ്വാദനത്തിനുവേണ്ടിയുള്ള മണവാളനും, അവന്റെ സ്വർഗീയ രാജ്യം അവർ അവനെ ആസ്വദിക്കുന്നതിനുള്ള വിവാഹ വിരുന്നും ആണ് (22:2). രാജ്യവിരുന്നിൽ മണവാളനായി അവനെ ആസ്വദിക്കുന്നതിന് പുറമെ അവരുടെ പുതിയ വസ്ത്രമായും അകമെ അവരുടെ പുതിയ വീഞ്ഞായും അവർക്ക് അവനെ ആവശ്യമുണ്ട്.

ധൂർത്തുപുത്രന്റെ ഉദാഹരണം ഒരിക്കൽക്കൂടെ നോക്കുക. മേൽത്തരമായ അങ്കി ധരിച്ചതിനുശേഷം ധൂർത്തുപുത്രന് അപ്പോഴും പറയുവാൻ കഴിഞ്ഞത്, "അപ്പാ, മേൽത്തരമായ അങ്കി നിന്നെ തൃപ്തിപ്പെടുത്തുന്നു, എന്നാൽ അത് എന്നെ തൃപ്തിപ്പെടുത്തുന്നില്ല. ഞാൻ ഇപ്പോഴും വിശന്നിരിക്കുന്നു, ഞാൻ തൃപ്തനാക്കപ്പെടണം." ഉടനെ കാളക്കുട്ടിയെ കൊല്ലുവാൻ അപ്പൻ ദാസനോടു പറയുകയും, "നമുക്ക് ഭക്ഷിച്ച് ആനന്ദിക്കാം" എന്നു പറയുകയും ചെയ്തു. അങ്ങനെ, അപ്പൻ നൽകിയത് പുറമെയുള്ള ഒന്നിനുവേണ്ടി മാത്രമല്ല, പ്രത്യുത അകമെയുള്ള ഒന്നിനുവേണ്ടിയും ആയിരുന്നു. അതുകൊണ്ട്, പുതിയ വസ്ത്രത്തെക്കുറിച്ച് കർത്താവ് സംസാരിച്ചതിനുശേഷം, അവൻ നേരേ പുതിയ വീഞ്ഞിനെക്കുറിച്ച് സംസാരിക്കുവാൻ തുടങ്ങി. പുതിയ വീഞ്ഞ് പുറമെയുള്ള ആവശ്യത്തിനു വേണ്ടിയുള്ളതല്ല, മറിച്ച് അകമെയുള്ള ആവശ്യത്തിനു വേണ്ടിയാണ്. നമ്മെ മൂടുവാൻ ചിലത് നമുക്കാവശ്യമാണ്; നമ്മെ നിറയ്ക്കുവാനും നമുക്ക് ചിലത് ആവശ്യമാണ്. നാം പുറമെ വളരെ ദരിദ്രരും, അകമെ വളരെ ശൂന്യരും ആണ്. പിതാവിന്റെ ആവശ്യത്തിനുവേണ്ടി നമ്മുടെമേൽ അങ്കിയും നമ്മുടെതന്നെ ആവശ്യങ്ങൾക്കുവേണ്ടി നമ്മുടെ ഉള്ളിൽ പുതിയ വീഞ്ഞും നമുക്ക് ആവശ്യമാണ്. നമുക്ക് പുതിയ വസ്ത്രവും പുതിയ വീഞ്ഞും ആവശ്യമാണ്. കർത്താവാണ് നമ്മുടെ പുതിയ വസ്ത്രവും, നമ്മുടെ പുതിയ വീഞ്ഞും. അവൻ നമ്മുടെ ആവരണവും നമ്മുടെ ഉള്ളടക്കവും ആണ്. അവൻ നമ്മെ യോഗ്യരാക്കുന്നുവെന്നു മാത്രമല്ല, അവൻ നമ്മെ തൃപ്തിപ്പെടുത്തുകയും ചെയ്യുന്നു.

തന്മൂലം, അവൻ നമ്മുടെ യോഗ്യതയും, നമ്മുടെ തൃപ്തിയും, നമ്മുടെ പുറമെയുള്ള ആവശ്യത്തിനുള്ള സംഭരണവും, നമ്മുടെ അകമെയുള്ള സകല വിശപ്പിനും ദാഹത്തിനും വേണ്ടിയുള്ള സംഭരണവും ആണ്.

നാം പുതിയ വീഞ്ഞ് പഴയ തുരുത്തികളിലേക്ക് പകരരുതെന്ന് വാക്യം 17-ൽ കർത്താവു പറഞ്ഞു. പഴയ മതത്തിലുള്ള പരീശന്മാരും പുതിയ മതത്തിലുള്ള യോഹന്നാന്റെ ശിഷ്യന്മാരും പിടിച്ചിരുന്ന ഉപവാസം പോലെയുള്ള മതപരമായ അനുഷ്ഠാനങ്ങളെയാണ് പഴയ തുരുത്തികൾ സൂചിപ്പിക്കുന്നത്. എല്ലാ മതങ്ങളും പഴയ തുരുത്തികളാണ്. പഴയ തുരുത്തികളിലേക്ക് പകരപ്പെടുന്ന പുതിയ വീഞ്ഞ് അതിന്റെ പുളിപ്പിക്കുന്ന ശക്തിയാൽ തുരുത്തികളെ പൊളിക്കുന്നു. പുതിയ വീഞ്ഞ് പഴയ തുരുത്തികളിലേക്ക് പകരുന്നത് ഏതു തരത്തിലുള്ള മതത്തിലേക്കും ആവേശംപകരുന്ന ജീവനായ ക്രിസ്തുവിനെ വയ്ക്കുന്നതാണ്. ഇതാണ് മൗലികവാദികളെന്നു വിളിക്കപ്പെടുന്നവരും പെന്തക്കോസ്തുകാരും ഇന്ന് അനുഷ്ഠിച്ചുകൊണ്ടിരിക്കുന്നത്. അവർ ക്രിസ്തുവിനെ അവരുടെ വ്യത്യസ്ത രീതികളിലുള്ള മതപരമായ ആചാരങ്ങളിലേക്കും ചടങ്ങുകളിലേക്കും തിരുകിക്കയറ്റുവാൻ ശ്രമിക്കുന്നു. രാജ്യജനം ഒരിക്കലും ഇതു ചെയ്യരുത്. അവർ പുതിയ വീഞ്ഞ് പുതുമയുള്ള തുരുത്തികളിലേക്ക് പകരണം.

പുതിയ വീഞ്ഞിന് ഒരു തുരുത്തി, ഒരു പാത്രം ആവശ്യമാണ്. പുതിയ വീഞ്ഞ് പുളിപ്പിക്കുന്ന ശക്തിയാൽ നിറഞ്ഞിരിക്കുന്നതുകൊണ്ട്, നിങ്ങൾ അതിനെ പഴയ തുരുത്തിയിലേക്ക് പകരുന്നുവെങ്കിൽ, പുതിയ വീഞ്ഞിന്റെ പുളിപ്പിക്കുന്ന ശക്തി പഴയ തുരുത്തിയെ പൊളിച്ചുകളയും. മതപരമായ ഏതൊരു അനുഷ്ഠാനവും പഴയ തുരുത്തിയാണ്. ഈ വാക്യത്തിൽ പരീശന്മാരോടും യോഹന്നാന്റെ ശിഷ്യന്മാരോടും ക്രിസ്തു ഇങ്ങനെ പറയുന്നതായി തോന്നുന്നു, "ഉപവാസം ഒരു പഴയ തുരുത്തിയാണ്. എന്റെ ജീവൻ എന്ന പുതിയ വീഞ്ഞിനെ നിങ്ങളുടെ പഴയ മതപരമായ അനുഷ്ഠാനങ്ങളിലേക്ക് പകരുവാൻ ശ്രമിക്കരുത്. വീഞ്ഞ് നിങ്ങളുടെ മതപരമായ അനുഷ്ഠാനങ്ങളെ പൊളിച്ചുകളയും. എന്റെ ജീവൻ എന്ന പുതിയ വീഞ്ഞ് ഒരു പുതിയ തുരുത്തി ആവശ്യപ്പെടുന്നു."

ചിലർ തീർച്ചയായും പുതിയ വീഞ്ഞ് സ്വീകരിച്ചിട്ടുണ്ടെങ്കിലും, അവർ പുതിയ വീഞ്ഞിനെ തിരികെ എടുക്കുവാനും അതിനെ പഴയ തുരുത്തിയിലേക്ക് പകരുവാനും ശ്രമിച്ചിട്ടുണ്ട്. നാല്പതു വർഷത്തിലധികമായി ഇത്തരത്തിലുള്ള ഭോഷത്തം ഞാൻ നിരീക്ഷിച്ചു വരുന്നു. അനേകം ആളുകൾ സ്ഥലം സഭയിലേക്കു വരുകയും പുതിയ വീഞ്ഞ് രുചിക്കുകയും ചെയ്യു. "ഇതു വാസ്തവത്തിൽ മനോഹരമാണ്. ഇതാണ് എന്റെ സഭയ്ക്ക് ആവശ്യം"

എന്ന് അവർ പറഞ്ഞിട്ടുണ്ട്. പിന്നീട് ഈ പുതിയ വീഞ്ഞിനെ ആ പഴയ തുരുത്തിയിലേക്ക് മടക്കിക്കൊണ്ടുവരാൻ അവർ ശ്രമിച്ചു. എന്തു സംഭവിച്ചുവെന്ന് നിങ്ങൾക്കറിയാമോ? പഴയ തുരുത്തികൾ പൊളിഞ്ഞുപോകുകയും, പുതിയ വീഞ്ഞ് ഒഴുകിപ്പോകുകയും ചെയ്യും. എന്നാൽ, നിങ്ങൾ പുതിയ വീഞ്ഞ് പുതിയ തുരുത്തിയിലേക്ക് പകരുന്നുവെങ്കിൽ രണ്ടും ഭദ്രമായിരിക്കും.

പുതിയ വീഞ്ഞ് പുതിയ തുരുത്തിയിൽ വയ്ക്കേണ്ടതാണെന്ന് നാം കണ്ടു. എന്നാൽ ഇന്ന് കരിസ്മാറ്റിക് പ്രസ്ഥാനം എന്നു വിളിക്കപ്പെടുന്നതിനെ പഴയ കത്തോലിക്കാ തുരുത്തിയിലേക്ക് കൊണ്ടുവന്നിരിക്കുന്നു. ചില കത്തോലിക്കാ സഭകൾക്ക് കരിസ്മാറ്റിക് കുർബാനകളുണ്ട്. കരിസ്മാറ്റിക്കിലെ കാര്യങ്ങളെ കുർബാനയുമായും മറിയാരാധനയുമായും കലർത്തിയിരിക്കുന്നു. എന്തൊരു ആശയക്കുഴപ്പം! ഇതാണ് നേരിയ മാവിൽ കലർത്തപ്പെട്ട പുളിപ്പ് (13:33). മറ്റൊരു വിധത്തിൽ പറഞ്ഞാൽ ഇത് പുതിയ വീഞ്ഞ് പഴയ തുരുത്തിയിൽ പകരുന്നതാണ്. എന്റെ ആശങ്ക ഈ വീഞ്ഞ് ഇപ്പോൾ പുതിയ വീഞ്ഞല്ല എന്നതാണ്, കാരണം അതിൽ പുളിപ്പിക്കുന്ന ശക്തി ഇല്ലെന്നു തോന്നുന്നു. ഉണ്ടായിരുന്നെങ്കിൽ, പഴയ തുരുത്തി പൊളിഞ്ഞുപോകുമായിരുന്നു. കരിസ്മാറ്റിക് പ്രസ്ഥാനം പുളിപ്പിക്കുന്ന ശക്തിയോടുകൂടെയുള്ള നിർവ്യാജമായ പുതിയ വീഞ്ഞായിരുന്നെങ്കിൽ, അത് പഴയ കത്തോലിക്കാ തുരുത്തിയെ പൊളിക്കുമായിരുന്നു.

## E. പുതിയ വീഞ്ഞ് പുതുമയുള്ള തുരുത്തികളിൽ പകരുന്നു

വാക്യം 17-ൽ കർത്താവ് ഇങ്ങനെയും പറഞ്ഞു, "പുതിയ വീഞ്ഞ് പുതുമയുള്ള തുരുത്തികളിലത്രേ വയ്ക്കുന്നത്, അങ്ങനെ രണ്ടും ഭദ്രമായിരിക്കുന്നു." "പുതുമയുള്ള" എന്നതിന്റെ യവനപദം *കയ്നോസ്* ആണ്; അത് അർഥമാക്കുന്നത് പ്രകൃതത്തിലോ, ഗുണത്തിലോ, രൂപത്തിലോ പുതിയത് എന്നാണ്; പരിചയിച്ചിട്ടില്ലാത്തത്, ഉപയോഗിച്ചിട്ടില്ലാത്തത്; തന്മൂലം പുതുമയുള്ളത്. പുതുമയുള്ള തുരുത്തികൾ സൂചിപ്പിക്കുന്നത് ആവേശം പകരുന്ന ജീവനെന്ന നിലയിൽ ക്രിസ്തു തന്നെയായ പുതിയ വീഞ്ഞിന്റെ പാത്രമായ സ്ഥലം സഭകളിലുള്ള സഭാജീവിതത്തെയാണ്. രാജ്യജനം സഭയിലേക്കു പണിയപ്പെടുകയും (16:18), സഭ അവർ ജീവിക്കുന്ന സ്ഥലം സഭകളിലൂടെ ആവിഷ്കരിക്കപ്പെടുകയും ചെയ്യുന്നു (18:15-20). അവർ, സഭയായിരിക്കുവാൻ ക്രിസ്തുവിന്റെ ശരീരത്തെ സംരചിക്കുന്ന വീണ്ടുംജനിച്ച വ്യക്തികളാണ് (റോമ. 12:5; എഫെ. 1:32-23). തന്റെ നിറവായ ക്രിസ്തുവിന്റെ ഈ ശരീരം സംഘാത ക്രിസ്തുവിനെ സൂചിപ്പിക്കുന്ന "ക്രിസ്തു" എന്നും വിളിക്കപ്പെടുന്നു (1 കൊരി. 12:12). വ്യക്തിയായ ക്രിസ്തു, ആന്തരികമായി ആവേശം പകരുന്ന ജീവനായ പുതിയ വീഞ്ഞും, സംഘാത ക്രിസ്തു, ബാഹ്യമായി പുതിയ

വീഞ്ഞിനെ വഹിക്കുന്ന പാത്രമായ പുതുമയുള്ള തുരുത്തിയും ആണ്. രാജ്യജനത്തെ സംബന്ധിച്ചിടത്തോളം ഇത് ഉപവസിക്കുന്നതിന്റെയോ മതപരമായ മറ്റേതെങ്കിലും അനുഷ്ഠാനങ്ങളുടേയോ ഒരു വിഷയമല്ല, മറിച്ച് അവരുടെ ഉള്ളടക്കമായ ക്രിസ്തുവിനോടുകൂടെയുള്ള സഭാജീവിതത്തിന്റെ ഒരു വിഷയമാണ്. ക്രിസ്തു വന്നത് ഭൗമികമായ ആചാരങ്ങളുള്ള ഒരു മതം സ്ഥാപിക്കാനല്ല, പ്രത്യുത മതപരമായ നിർജ്ജീവ അനുഷ്ഠാനങ്ങളെക്കൊണ്ടല്ല, തന്റെ അനുയായികൾ തന്നെ ഉൾക്കൊള്ളുവാനുള്ള പുതുമയുള്ള തുരുത്തികളായിരിക്കുവാനും തന്റെ രാജ്യത്തിന്റെ ഘടകങ്ങളായിത്തീരുവാനും തക്കവണ്ണം, വൈദ്യനും, മണവാളനും, ചുരുങ്ങാത്ത തുണിയും, പുതിയ വീഞ്ഞുമായ ജീവനുള്ള വ്യക്തിയായ അവനെക്കൊണ്ടുതന്നെ ജീവന്റെ ഒരു സ്വർഗീയ രാജ്യം സ്ഥാപിക്കാനാണ്.

അങ്ങനെ പുതിയ തുരുത്തി സഭാജീവിതമാണെന്ന് നാം കാണുന്നു. സഭ വാസ്തവത്തിൽ ക്രിസ്തുവിന്റെ വികാസമാണ്. വ്യക്തിയായ ക്രിസ്തു നമ്മുടെ ഉള്ളിലുള്ള നമ്മുടെ വീഞ്ഞാണ്. ഈ വ്യക്തിയായ ക്രിസ്തു ഒരു സംഘാത ക്രിസ്തുവായി വികാസം പ്രാപിക്കുമ്പോൾ, അതാണ് സഭ. ഈ സംഘാത ക്രിസ്തു നമ്മുടെ വീഞ്ഞെന്ന നിലയിലുള്ള വ്യക്തിയായ ക്രിസ്തുവിനെ ഉൾക്കൊള്ളാനുള്ള പാത്രമായ തുരുത്തിയാണ്. സഭ ഒരു മതമാണെന്ന് ഒരിക്കലും ചിന്തിക്കരുത്; സഭ വികാസം പ്രാപിച്ച ക്രിസ്തു ആയതുകൊണ്ട്, ക്രിസ്തുവിനെക്കൊണ്ടു നിറഞ്ഞ ഒരു സംഘാത അസ്തിത്വമാണ്.

ക്രിസ്തു നമ്മുടെ വസ്ത്രവും പുതിയ വീഞ്ഞും മാത്രമല്ല, പ്രത്യുത വികാസം പ്രാപിച്ചവനെന്ന നിലയിൽ അവൻ വീഞ്ഞിനെ ഉൾക്കൊള്ളുന്ന നമ്മുടെ പുതിയ തുരുത്തിയും ആണ്. അവൻ നമ്മുടെ ബാഹ്യമായ യോഗ്യതയും, അവൻ നമ്മുടെ ആന്തരിക സംതൃപ്തിയും, സംഘാതമായ രീതിയിൽ അവൻ വീഞ്ഞിനെ വഹിക്കുവാൻ പ്രാപ്തിയുള്ള ശരീരമായ സഭയും ആണ് (1 കൊരി. 12:12). ക്രിസ്തു സകലവുമാണ്. അവൻ മണവാളനും, പുതിയ വസ്ത്രവും, പുതിയ വീഞ്ഞും, കൂടാതെ നാം അവനിൽനിന്ന് ആസ്വദിക്കുന്നതിനെ ഉൾക്കൊള്ളുവാനുള്ള സംഘാത പാത്രവുംആണ്. ഇവിടെയുള്ള അർത്ഥം വളരെ ഗാഢമാണ്.

പുതിയ തുരുത്തിയെന്ന നിലയിൽ ക്രിസ്തുവിനെ സംബന്ധിച്ച് ചിലതുകൂടി നാം കാണേണ്ടതാവശ്യമാണ്. 1 കൊരിന്ത്യർ 12:12 പറയുന്നു, "എന്തെന്നാൽ ശരീരം ഒന്നും, അതിന് പല അവയവങ്ങൾ ഉണ്ടായിരിക്കുകയും, ശരീരത്തിലെ അവയവങ്ങളെല്ലാം പലതായിരിക്കെ, ഒരു ശരീരം ആയിരിക്കുന്നതുപോലെ ആകുന്നു ക്രിസ്തുവും." അവയവങ്ങൾ ഒരുമിച്ചു ചേരുന്നതു മാത്രമല്ല ഒരു ശരീരമെന്നും, പ്രത്യുത ഈ ശരീരമാണ് ക്രിസ്തുവെന്നും ഈ വാക്യത്തിൽ നാം വായിക്കുന്നു. നാം എല്ലായ്പ്പോഴും തലയായി ക്രിസ്തുവിനെ പരിഗണിച്ചിരുന്നു; പരിഗണിച്ചിട്ടുണ്ടെങ്കിൽപോലും

അല്പമായി മാത്രമേ ക്രിസ്തുവിനെ ശരീരമായി നാം പരിഗണിച്ചിട്ടുള്ളൂ. പ്രായോഗികമായ ഒരു രീതിയിൽ സംസാരിച്ചാൽ ക്രിസ്തു എങ്ങനെയാണ് ശരീരമാകുന്നത്? ക്രിസ്തുവിനെക്കൊണ്ട് നിറഞ്ഞിരിക്കുന്ന നിരവധി അവയവങ്ങൾ ചേരുന്നതാണ് ശരീരം എന്നതുകൊണ്ട് അവൻ ശരീരമാണ്. ക്രിസ്തു നിങ്ങളിലും, ക്രിസ്തു എന്നിലും, ക്രിസ്തു നമ്മിൽ ഓരോരുത്തരിലും ഉണ്ട്. ഉള്ളിൽ നമുക്കെല്ലാവർക്കും ക്രിസ്തു ഉണ്ട്. ക്രിസ്തു വിഭജിക്കപ്പെട്ടിട്ടില്ലെന്ന് 1 കൊരിന്ത്യർ 1-ൽ പൗലൊസ് പറഞ്ഞു. നിങ്ങളിലുള്ള ക്രിസ്തു എന്നിലുള്ള ക്രിസ്തുവുമായി ഒന്നാണ്, നമ്മിലുള്ള ക്രിസ്തു മറ്റെല്ലാ ക്രിസ്ത്യാനികളിലുള്ള ക്രിസ്തുവുമായും ഒന്നാണ്. അതുകൊണ്ട്, അവനെക്കൊണ്ട് നിറഞ്ഞിരിക്കുന്ന വളരെയധികം അവയവങ്ങൾകൊണ്ട് സംരചിക്കപ്പെട്ട ശരീരമാണ് ക്രിസ്തു. ഇതാണ് പുതിയ വീഞ്ഞായ ക്രിസ്തുവിനെ ഉൾക്കൊള്ളുന്ന സഭാജീവിതമായ പുതിയ തുരുത്തി.

തുരുത്തിയെക്കൂടാതെ, നമുക്കെങ്ങനെ വീഞ്ഞ് സൂക്ഷിക്കുവാൻ കഴിയും? നിങ്ങളെത്തന്നെ ഒരു വ്യക്തിയെന്ന നിലയിൽ പാത്രമായി നിങ്ങൾ ചിന്തിക്കരുത്. ഇല്ല, നിങ്ങൾ പാത്രത്തിന്റെ ഒരു ഭാഗം മാത്രമാണ്. ചില്ലുകളായി ഉടഞ്ഞ ഒരു ഗ്ലാസിന് എങ്ങനെ വെള്ളം ഉൾക്കൊള്ളുവാൻ കഴിയും? കഷ്ണങ്ങൾക്ക് എങ്ങനെ വെള്ളം ഉൾക്കൊള്ളുവാൻ കഴിയും? അത് അസാധ്യമാണ്. നിങ്ങൾ ആരോ ആണെന്ന് കണക്കാക്കാതിരിക്കുക. നിങ്ങൾ ആരുമല്ല. നിങ്ങൾ ശരീരത്തിന്റെ ഒരു അവയവം, ശരീരത്തിന്റെ വളരെ ചെറിയ ഒരു ഭാഗം മാത്രമാണ്. എന്റെ ചെറുവിരലിൽ ചെറിയ അളവിൽ രക്തമുണ്ടെന്നത് സത്യമാണ്, എന്നാൽ ഈ ചെറുവിരൽ എന്റെ ശരീരത്തിന്റെ ഒരു ഭാഗം മാത്രമാണ്. നിങ്ങൾ അതിനെ ശരീരത്തിൽനിന്നും മുറിച്ചുമാറ്റുമെങ്കിൽ, വിരലിലുള്ള രക്തത്തിന്റെ ഒഴുക്ക് ഉടനെ നിലയ്ക്കുന്നു. രക്തത്തെ ഉൾക്കൊള്ളുന്നതിനുപകരം, വിരൽ രക്തത്തെ നഷ്ടപ്പെടുത്തും. നിങ്ങൾ സഭാജീവിതം വിടുന്ന നാൾ മുതൽ നിങ്ങൾ ക്രിസ്തുവിനെ നഷ്ടപ്പെടുത്തുവാൻ തുടങ്ങുന്നു. പുതിയ വീഞ്ഞ് ഒഴുകിപ്പോകുവാൻ തുടങ്ങുന്നു. നാം ആസ്വദിക്കുന്ന ക്രിസ്തുവിനെ സഭാജീവിതത്തിനു മാത്രമേ ഉൾക്കൊള്ളുവാൻ കഴിയൂ. സഭ അപ്രധാനമായ ഒരു വിഷയമാണെന്ന് ഒരിക്കലും ചിന്തിക്കാതിരിക്കുക.

തുരുത്തി വീഞ്ഞിന്റെ പാത്രം മാത്രമല്ല, നാം വീഞ്ഞു കുടിക്കാനുള്ള മുഖാന്തരവും ആണെന്ന് നാം തിരിച്ചറിയണം. നാം ഒരു സഭായോഗത്തിലേക്കു വരുമ്പോഴെല്ലാം അത് വാസ്തവത്തിൽ നമുക്ക് ക്രിസ്തുവിനെ കുടിക്കുവാൻ കഴിയുന്ന സ്ഥലമാണെന്ന് നാം കണ്ടെത്തുന്നതായി നമ്മിൽ അനേകർക്ക് സാക്ഷ്യപ്പെടുത്തുവാൻ കഴിയും. ഇവിടെയാണ് മുമ്പൊരിക്കലും ചെയ്യാത്ത വിധത്തിൽ നാം കർത്താവിനെ കുടിക്കുന്നത്. സഭാജീവിതം വെറുമൊരു

സംഭരണിയല്ല, നമുക്കു കുടിക്കുവാനുള്ള ഒതു പാത്രവും ആണ്. നമുക്ക് ക്രിസ്തുവിനെ പുതിയ വസ്ത്രമായും, പുതിയ വീഞ്ഞായും ആവശ്യമാണ്; നമുക്ക് ക്രിസ്തുവിനെ സംഘാതമായ ഒരു രീതിയിൽ പുതിയ തുരുത്തിയായും ആവശ്യമാണ്. നമുക്ക് സഭാജീവിതം ആവശ്യമാണ്. നാം മതത്തിനോ, രീതികൾക്കോ, ആചാരങ്ങൾക്കോ വേണ്ടി കരുതുന്നില്ല. നിങ്ങളിലുള്ള ക്രിസ്തുവിനും എന്നിലുള്ള ക്രിസ്തുവിനും വേണ്ടി മാത്രമേ നാം കരുതുന്നുള്ളൂ. ഇതാണ് പുതിയ തുരുത്തി.

ഈ ഘട്ടത്തിൽ യുവാക്കളോട് ഒരു വാക്കു പറയുവാൻ ഞാൻ ഇഷ്ടപ്പെടുന്നു. യുവാക്കൾ പറഞ്ഞേക്കാം, "പ്രായമായവരോടുകൂടെ നാം നിൽക്കുന്നിടത്തോളം നാം മതത്തിലായിരിക്കും. എന്നാൽ നാം അവരിൽനിന്നും അകന്നുമാറുന്നുവെങ്കിൽ നാം മതപരമായിരിക്കുകയില്ല." ഈ ധാരണ തെറ്റാണ്. സകലവും സഭ ക്രിസ്തുവിന്റെ വികാസമാണോ അല്ലയോ എന്നതിനെ ആശ്രയിച്ചിരിക്കുന്നു. ഇത് പ്രായത്തിന്റെ വിഷയമല്ല. സകല ശിശുക്കളും ഒരുമിച്ചു വന്നാൽപോലും അവർക്ക് അപ്പോഴും മതത്തിലായിരിക്കുവാൻ കഴിയും, കാരണം അവരുടെ ഉൾക്കോളായി അവർക്ക് ക്രിസ്തു ഇല്ല. പ്രായമായവർ ക്രിസ്തുവിനാൽ നിറഞ്ഞും അവനാൽ സാന്ദ്രീകരിക്കപ്പെട്ടും ഇരിക്കുന്നുവെങ്കിൽ, അവർ എത്ര പ്രായമായവരായാലും അവർ സഭയാണ്. മതമെന്നത് ക്രിസ്തുവിനെക്കൂടാതെ ദൈവത്തിനു വേണ്ടിയുള്ള ഒന്നാണെന്ന് ഓർക്കുക. എന്നാൽ സഭ വികാസംപ്രാപിച്ച ക്രിസ്തു ആണ്; അത് ക്രിസ്തുവിന്റ വികാസമാണ്. അങ്ങനെ പുതിയ തുരുത്തി സംഘാത ആവിഷ്കാരമായി വികാസംപ്രാപിച്ച ക്രിസ്തു ആണ്. ഇതാണ് സഭ. സഭയെന്നത് ക്രിസ്തുവിനെക്കൂടാതെയും ആത്മാവിനെക്കൂടാതെയും ദൈവത്തിനു വേണ്ടിയുള്ള ഒന്നല്ല. സഭയെന്നത് ഒരു അസ്തിത്വമാണ്; അത് ക്രിസ്തുവിന്റെ വികാസവും, അത് ക്രിസ്തുവിനാൽ നിറഞ്ഞതും ആണ്. സഭ ക്രിസ്തുവിനെക്കൊണ്ട് നിറഞ്ഞും ക്രിസ്തുവിനാൽ സംരചിക്കപ്പെട്ടുമിരിക്കുന്നു. നമ്മുടെ പ്രായം എന്തായാലും, നാം ക്രിസ്തുവിനെക്കൊണ്ട് നിറഞ്ഞിരിക്കണം. അപ്പോൾ നാം ഒരുമിച്ചു വരുമ്പോൾ നാം സഭയുടെ സ്ഥലപരമായ ആവിഷ്കാരമായിരിക്കും. ഇതാണ് തുരുത്തി. ക്രിസ്തുവിന്റെ ദിവ്യജീവനിൽ പുളിപ്പിക്കുന്ന ശക്തി എത്രയധികം ഉണ്ടെങ്കിലും അതിന് ഒരിക്കലും സഭയെ പൊളിക്കുവാൻ കഴിയുകയില്ല.

ഇന്ന് നാലു തരത്തിലുള്ള ക്രിസ്ത്യാനികളുണ്ട്. ഒന്നാമത്തേത് ക്രിസ്ത്യാനികൾ എന്നു വിളിക്കപ്പെടുന്നു, എന്നാൽ അവർ വാസ്തവത്തിൽ ക്രിസ്ത്യാനികളല്ല. അവർ ആധുനിക വാദികളാണ്, ആധുനികരായ ക്രിസ്ത്യാനികൾ എന്നു വിളിക്കപ്പെടുന്നവർ. അവർ പുതിയ തുണിയായി മാത്രം ക്രിസ്തുവിനെ എടുക്കുന്നു. അവർ പറയുന്നു, "യേശു എങ്ങനെ ജീവിച്ചു എന്നു നോക്കുക. അവൻ സ്നേഹത്താലും സ്വാർഥത്യാഗത്താലും നിറഞ്ഞവനായിരുന്നു.

നാം അവനെ അനുകരിക്കുകയും അവനെ അനുഗമിക്കുകയും വേണം." എന്നാൽ ഇങ്ങനെ ചെയ്യുന്നത് ഒരു പുതിയ തുണിക്കഷ്ണം വെട്ടിയെടുത്ത് പഴയ വസ്ത്രത്തിൽ തുന്നിച്ചേർക്കുന്നതാണ്. ആധുനികവാദികൾ കർത്താവിന്റെ മനുഷ്യജീവിതമെന്ന ചുരുങ്ങാത്ത തുണി എടുക്കുവാൻ ശ്രമിക്കുകയും, അവരുടെ പെരുമാറ്റത്തിലുള്ള തുളകൾ അടയ്ക്കുവാൻ അതിനെ ഉപയോഗിക്കുകയും ചെയ്യുന്നു. എന്നാൽ ഈ ചുരുങ്ങാത്ത തുണി വലിയുകയും അവരുടെ തുളകൾ വലുതാക്കുകയും ചെയ്യുന്നു. തങ്ങളുടെ പാപങ്ങൾക്കുവേണ്ടി ക്രിസ്തു ക്രൂശിൽ മരിച്ചുവെന്നും, ക്രിസ്തു ദൈവമാണെന്നും, അവന്റെ പുനരുത്ഥാനത്തിലും ആധുനികവാദികൾ വിശ്വസിക്കുന്നില്ല. യേശുവിന്റെ മനുഷ്യജീവിതത്തെ അവർ അനുകരിക്കണമെന്നു മാത്രം അവർ വിശ്വസിക്കുന്നു.

മൗലികവാദികളാണ് രണ്ടാമത്തെ തരം ക്രിസ്ത്യാനികൾ. ക്രിസ്തു ദൈവമാണെന്നും, ക്രിസ്തു അവരുടെ വീണ്ടെടുപ്പുകാരനാണെന്നും, ക്രിസ്തു അവരുടെ പാപങ്ങൾക്കുവേണ്ടി ക്രൂശിൽ മരിച്ചുവെന്നും, അവൻ ഉയിർപ്പിക്കപ്പെട്ടുവെന്നും ഇവർ വിശ്വസിക്കുന്നു. മൗലികവാദികൾ ഉയിർത്തെഴുന്നേറ്റ ക്രിസ്തുവിനെ അവരുടെ നീതിയായി സ്വീകരിക്കുകയും അംഗീകരിക്കുകയും ചെയ്യുന്നു. അവർ ക്രിസ്തുവിനെ എടുക്കുന്നത് പുതിയ തുണിക്കഷ്ണമായല്ല, മറിച്ച് പുതിയ പൂർത്തിയായ വസ്ത്രമായാണ്. എങ്കിലും, ആന്തരിക ജീവനെക്കുറിച്ച്, ആന്തരിക വീഞ്ഞിനെക്കുറിച്ച് അവർ അല്പം മാത്രം അറിയുന്നു. ബാഹ്യമായ വസ്ത്രമായി അവർ ക്രിസ്തുവിനെ ധരിക്കുന്നുവെങ്കിലും, ഉള്ളിലെ വീഞ്ഞായി അവർ അവനെ കുടിക്കുന്നില്ല.

മൂന്നാമത്തെ തരം ക്രിസ്ത്യാനിയെ ആന്തരിക ജീവ ക്രിസ്ത്യാനികളെന്ന് വിളിക്കാം. അവർ തങ്ങളുടെ പുതിയ വസ്ത്രമായി ക്രിസ്തുവിനെ ധരിക്കുന്നുവെന്നു മാത്രമല്ല, അവരുടെ ആന്തരിക ജീവനായി അവർ അവനെ അറിയുകയും ചെയ്യുന്നു. വാസ്തവത്തിൽ, അവർ ആന്തരിക ജീവന് വലിയ ഊന്നൽ നൽകുന്നു. ആന്തരിക ജീവ ക്രിസ്ത്യാനികൾ നേരത്തെ പറഞ്ഞ രണ്ട് കൂട്ടങ്ങളെക്കാൾ മെച്ചപ്പെട്ടതാണ്. എങ്കിലും, അവർ നല്ലവരാണെങ്കിലും, അവർക്ക് ഒരു കുറവുണ്ട്: അവർക്ക് സഭാജീവിതം എന്ന തുരുത്തി ഇല്ല.

നാലാമത്തേത് സഭാ ജനമാണ്. സഭാ ജനം ആധുനിക വാദികളല്ല. കൂടാതെ, അവർ മൗലികവാദികളും കേവലം ആന്തരിക ജീവജനവും മാത്രമല്ല. അവർ സഭാനുഷ്ഠാരകരുമാണ്, കാരണം അവരുടെ പക്കൽ പുതിയ തുരുത്തിയുണ്ട്.

അവസാന നാളുകളിൽ കർത്താവ് പ്രത്യുദ്ധരിച്ചുകൊണ്ടിരിക്കുന്നത് പുതിയ വസ്ത്രത്തെ മാതമല്ല—ഇത് വിശ്വാസത്താലുള്ള നീതീകരണം എന്ന വിഷയത്തിൽ മാർട്ടിൻ ലൂഥറിലൂടെ അവൻ പ്രത്യുദ്ധരിച്ചു. ആന്തരിക ജീവനെ മാത്രമായും കർത്താവു പ്രത്യുദ്ധരിക്കുന്നില്ല—ഇത് അവൻ മാഡം ഗയോൺ, വില്യം ലോ, ആൻഡ്രൂ

മുറേ, ജെസ്സി പെൻ-ലൂവിസ് എന്നിവരിലൂടെ പ്രത്യുദ്ധരിച്ചു. പ്രത്യുദ്ധരിക്കപ്പെട്ട ഈ എല്ലാ കാര്യങ്ങൾക്കും വേണ്ടി നാം കർത്താവിന് സ്തോത്രം ചെയ്യുന്നു. എങ്കിലും, ഈ യുഗത്തിന്റെ അന്ത്യത്തിൽ കർത്താവ് അവസാനത്തെയും ആത്യന്തികവുമായ കാര്യത്തെ, സഭാജീവിതത്തെ, പ്രത്യുദ്ധരിച്ചുകൊണ്ടിരിക്കുന്നു. സഭാജീവിതം ആസ്വദിക്കുന്നവരാണ് സഭാജനം. സഭാജനത്തിനിടയിൽ പുതിയ വസ്ത്രവും, പുതിയ വീഞ്ഞും, പുതിയ തുരുത്തിയുമെല്ലാം പ്രത്യുദ്ധരിക്കപ്പെട്ടിരിക്കുന്നു. നമ്മുടെ സഭാജീവിതമെന്ന നിലയിൽ നമുക്ക് സംഘാതമായ ഒരു രീതിയിൽ ക്രിസ്തു ഉണ്ട്. പുതിയ വസ്ത്രത്തോടുകൂടെയും പുതിയ വീഞ്ഞിനോടുകൂടെയും കർത്താവ് നിർത്തിക്കളഞ്ഞില്ല. മണവാളനിൽനിന്നും പുതിയ തുണിയിലേക്കും, പുതിയ തുണിയിൽനിന്നും പുതിയ വസ്ത്രത്തിലേക്കും, പുതിയ വസ്ത്രത്തിൽനിന്നും പുതിയ വീഞ്ഞിലേക്കും, പുതിയ വീഞ്ഞിൽനിന്നും പുതിയ തുരുത്തിയിലേക്കും അവൻ മുന്നോട്ടു പോയി. സഭ എന്ന തുരുത്തിക്കുശേഷം കൂടുതലായി യാതൊന്നും ഇല്ല. സഭയാണ് ദൈവത്തിന്റെ ആത്യന്തിക ലക്ഷ്യം. നാം സഭയിൽ എത്തുമ്പോൾ, നാം ദൈവോദ്ദേശ്യത്തിന്റെ ആത്യന്തിക പരിണതിയിലാണ്. അങ്ങനെ, തുരുത്തിക്കുശേഷം കർത്താവ് മറ്റൊന്നിനെയും പരാമർശിച്ചില്ല.

അവൻ നമ്മുടെ വൈദ്യനായിരിക്കുന്നതിനായി കർത്താവിനെ സ്തുതിക്കുന്നു! അവൻ നമ്മെ സൗഖ്യമാക്കിയതിനുശേഷം അവൻ നമ്മുടെ മണവാളനായിത്തീരുന്നു. അവൻ, നമ്മെ യോഗ്യരാക്കുവാനുള്ള നമ്മുടെ വസ്ത്രവും നമ്മെ ഓജസ്സുള്ളവരാക്കുന്ന നമ്മുടെ പുതിയ വീഞ്ഞും ആണ്. യോഗങ്ങളിൽ സഹോദരന്മാരുടെയും സഹോദരിമാരുടെയും മുഖം ഞാൻ കാണുമ്പോൾ, അവർ പുതിയ വീഞ്ഞിനാൽ ഉത്തേജിക്കപ്പെട്ടു എന്നു പറയുവാൻ എനിക്കു കഴിയും. ഈ പുതിയ വീഞ്ഞ് പുതിയ തുരുത്തി എന്ന അവന്റെ വികാസത്തിലാണെന്നതിന് നാം എത്രമാത്രം കർത്താവിനെ സ്തുതിക്കുന്നു! കർത്തവ് നമുക്ക് സകലവും ആണ്! ഇങ്ങനെയുള്ള ഒരു അളവിൽ നമ്മുടെ കർത്താവിനെ നാം അറിയേണ്ടതാവശ്യമാണ്. അവൻ നമ്മുടെ രാജാവും, നമ്മുടെ രക്ഷകനും, നമ്മുടെ ജീവനും മാത്രമല്ല. അവൻ നമ്മുടെ വൈദ്യനുമാണ്; ഈ പ്രിയ വൈദ്യൻ നമ്മുടെ സ്നേഹനിധിയായ മണവാളനാണ്. ഈ മണവാളൻ നമ്മുടെ വസ്ത്രവും, നമ്മുടെ പുതിയ വീഞ്ഞും, ഒടുവിൽ തുരുത്തിയും ആയിത്തീരുന്നു. നാം ഇപ്പോൾ ഇങ്ങനെയുള്ള ഒരു ഉയർന്ന അളവിൽ അവനെ ആസ്വദിച്ചുകൊണ്ട് സഭാജീവിതം എന്ന തുരുത്തിയിലാണ്. ക്രിസ്തുവിനും സഭയ്ക്കും വേണ്ടി ഹല്ലേലൂയ്യാ!